## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3683** **27-06-2024 - ൽ മറുപടിയ്ക്ക്**

## വി. ടി. സികളിൽ പഠിക്കുന്നവർക്കുള്ള തൊഴിൽ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 18 വയസ്സിന് മുകളിലുള്ള മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ പഠിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സെന്ററുകൾ വഴി തൊഴിൽ പരിശീലനത്തിന് നൽകി വരുന്ന ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭിന്നശേഷിക്കാരായ കുട്ടികളുടെ തൊഴിൽ പരിശീലനത്തിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകളും നടത്തി വരുന്നു.<br><br>ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ ഉറപ്പ് വരുത്തുന്നതിനുള്ള സമഗ്ര പദ്ധതിയാണ് അതിജീവനം. അതിജീവനം പദ്ധതിയുടെ ഭാഗമായുള്ള 5 മാതൃക പദ്ധതികളിൽ ഒന്നാണ് ഭിന്നശേഷിക്കാർക്കായുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ. പ്രസ്തുത പദ്ധതി പ്രകാരം NGO സഹകരണത്തോടെ നിലവിൽ 9 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഈ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു വരെയുള്ള തുക അനുവദിച്ചിട്ടുള്ളതാണ്. പദ്ധതി ഗൈഡ് ലൈൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു തുക ധനവിനിയോഗ സാക്ഷ്യപത്രം, പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | അതിജീവനം പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 1,33,18,690/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങൾക്ക് ആദ്യ ഗഡുവായി 72,53,237/- രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർനടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപയുടെ (02.06.2024 ലെ സ.ഉ.(സാധാ) നം. 113/2024/ |

| | | | |
|---|---|---|---|
| | | | സാ.നീ.വ. ഉത്തരവ് പ്രകാരം) ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 2022-23 സാമ്പത്തികവർഷത്തിൽ 52,16,335/- രൂപ അനുവദിച്ചു നൽകുകയും അതിൽ 47,65,015/- രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തികവർഷത്തിൽ 23,01,490/- രൂപ അനുവദിച്ചു നൽകുകയും അതിൽ 16,65,311/-രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ രണ്ടു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നടത്തുന്നതിന് 75,00,000/-രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3683 27.06.2024- ൽ മറുപടിയ്ക്ക്

വി. ടി. സി.കളിൽ പഠിക്കുന്നവർക്കുള്ള തൊഴിൽ പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. നജീബ് കാന്തപുരം | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| (എ) 18 വയസ്സിന് മുകളിലുള്ള മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ പഠിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സെന്ററുകൾ വഴി തൊഴിൽ പരിശീലനത്തിന് നൽകി വരുന്ന ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഭിന്നശേഷിക്കാരായ കുട്ടികളുടെ തൊഴിൽ പരിശീലനത്തിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളും, കമ്പ്യൂട്ടർ കോഴ്സുകളും നടത്തി വരുന്നു.<br><br>ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും N G O സഹകരണത്തോടെ ഉറപ്പു വരുത്തുന്നതിനുള്ള സമഗ്ര പദ്ധതിയാണ് അതിജീവനം. അതിജീവനം പദ്ധതിയുടെ ഭാഗമായുള്ള 5 മാതൃക പദ്ധതികളിൽ ഒന്നാണ് ഭിന്നശേഷിക്കാർക്കായുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ. പ്രസ്തുത പദ്ധതി പ്രകാരം N G O സഹകരണത്തോടെ നിലവിൽ 9 വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങൾക്ക് 2023-2 4 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു വരെയുള്ള തുക അനുവദിച്ചിട്ടുള്ളതാണ്. പദ്ധതി ഗൈഡ് ലൈൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു തുക ധനവിനിയോഗ സാക്ഷ്യപത്രം, പദ്ധതി പുരോഗതി റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷം നൽകുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | അതിജീവനം പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 1,33,18,690/- രൂപയും 2 0 2 3 - 2 4 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങൾക്ക് ആദ്യ ഗഡുവായി 72,53,237/- രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ |

| | |
|---|---|
| | തുടർ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപയുടെ (02.06.2024 ലെ സ.ഉ.(സാധാ) നം. 113/2024/സാ.നീ.വ. ഉത്തരവ് പ്രകാരം) ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 2022-23 സാമ്പത്തികവർ ഷത്തിൽ 52,16,335/- രൂപ അനുവദിച്ചു നൽകുകയും അതിൽ 47,65,015/- രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തികവർ ഷത്തിൽ 23,01,490/- രൂപ അനുവദിച്ചു നൽകുകയും അതിൽ 16,65,311/-രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ രണ്ടു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നടത്തുന്നതിന് 75,00,000/- രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

ഡോ ആർ ബിന്ദു

**MINISTER**